LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി

140 (8200) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടതു സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി വകുപ്പുമന്ത്രി ചർച്ചകൾ നടത്തിയെങ്കിലും ഇക്കാര്യത്തിൽ പരിഹാരം ഉണ്ടായിട്ടില്ലാത്തതിനാൽ, ആയതിന് പരിഹാരം ഉണ്ടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡിന്റെ ആനുകൂല്യം നൽകിക്കൊണ്ട് ജി.ഒ.(പി)നമ്പർ 234/2014/ഫിൻ തീയതി 21-6-2014 പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ തസ്തികകൾ

141 (8201) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വിവിധ സെക്ഷനുകളിലായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട് ; അവ ഏതെല്ലാം എന്നറിയിക്കുമോ ;

(സി) സർക്കാരിന്റെ പൊതു പദ്ധതികൾക്കും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവർത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജീവനക്കാരുടെ കുറവ് ഉണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഓഫീസിൽ അടിയന്തരമായി ജീവനക്കാരെ നിയമിക്കുന്നതിനും കൃത്യമായി പദ്ധതി എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 29 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ 274 ജീവനക്കാർ ഉണ്ട്.

(ബി) നിലവിൽ 20 തസ്തികകളിൽ 83 ഒഴിവുകൾ ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

1.	ടെക്നിക്കൽ അസിസ്റ്റന്റ്	1
2.	അസിസ്റ്റന്റ് എഞ്ചിനീയർ	3
3.	ഹെഡ് ക്ലാർക്ക്	1
4.	യു.ഡി.സി.	7
5.	എൽ.ഡി.സി.	
6.	ടൈപ്പിസ്റ്റ്	3
7.	ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I	9
8.	ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II	1
9.	ഓവർസിയർ ഗ്രേഡ്-III	4
10.	പ്യൂൺ	3
11.	ഓപ്പറേറ്റർ	4
12.	മീറ്റർ റീഡർ	1
13.	മാൻ മസ്ദൂർ	32
14.	വുമൺ മസ്ദൂർ	1
15.	വാച്ച് മാൻ	5
16.	ക്ലീനർ	3
17.	അൺസ്കിൽഡ് വർക്കർ	2
18.	ഗാർഡ്നർ	1
19.	ഇലക്ട്രീഷ്യൻ	1
20.	ലാസ്കർ	1
		83

(സി) ഉണ്ട്.

(ഡി) ഓഫീസ് പ്രവർത്തനം സുഗമമാക്കുവാൻ അത്യാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും പദ്ധതി എസ്റ്റിമേറ്റുകൾ യഥാസമയം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കുന്നതാണ്.

എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

142 (8202) ശ്രീ. പാലോട് രവി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് എംപ്ലോയബിലിറ്റി സെന്റർ എന്ന നൂതന പദ്ധതിയുടെ ലക്ഷ്യം. കേരള സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങളെ വിവിധ അഭിരുചി പരീക്ഷകൾക്കും സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവുകൾ കണ്ടെത്തി, ഏത് മേഖലയിലാണ് അവർക്ക് അഭിരുചി എന്നതനുസരിച്ച് ആ മേഖലയിൽ പരിശീലനവും നൽകുന്നു. കേരളത്തിന്റെ അകത്തും പുറത്തുമുള്ളതായ പൊതു-സ്വകാര്യ മേഖലകളിലെ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും പരിശീലനം ലഭിച്ച് ജോലിക്ക് പ്രാപ്തമായി ആത്മവിശ്വാസമേറിയ യുവജനങ്ങൾക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly